# MATHRUBHUMI - 29-01-2025

# മത്സ്യത്തൊഴിലാളികൾക്ക് നീട്ടുവലകൾ നൽകി



സിഫ്റ്റിന്റെ നേതൃത്വത്തിൽ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ സംഘടിപ്പിച്ച ബോധവത്കരണ സെമിനാർ ഡയറക്ടർ ഡോ. ജോർജ് നൈനാൻ ഉദ്ഘാടനം ചെയ്യുന്നു

പള്ളുരുത്തി ▸ കേന്ദ്ര മത്സ്യഗവേഷണ സ്ഥാപനമായ സിഫ്റ്റിന്റെ നേതൃത്വത്തിൽ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നീട്ടുവലകൾ വിതരണം ചെയ്തു. ഉത്തരവാദിത്വ മത്സ്യബന്ധനത്തെ കുറിച്ചുള്ള ബോധവത്കരണ സെമിനാറും നടത്തി. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേബി തമ്പി അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. എ. സുരേഷ്, ഡോ. എം.പി. രമേശൻ, ഡോ. നികിത ഗോപാൽ എന്നിവർ ക്ലാസെടുത്തു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോബി പനയ്ക്കൽ, സീനിയർ സയന്റിസ്റ്റ് ഡോ. കെ.എം. സന്ധ്യ, സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ സാബു തോമസ്, മെറ്റിൽഡ മൈക്കിൾ, ബി.ഡി.ഒ. സി. മണികണ്ഠൻ തുടങ്ങിയവർ സംസാരിച്ചു.